ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഖരമാലിന്യങ്ങൾ പോലെതന്നെ വളരെയധികം ഗുരുതരമായിരിക്കുകയാണ് ദ്രവമാലിന്യങ്ങൾ. ഈ അടുത്ത കാലത്ത് വർദ്ധിച്ചു വരുന്ന ഡെങ്കിപ്പനിയായാലും എലിപ്പനിയായാലും ഇതെല്ലാം പരത്തുന്നത് വെള്ളത്തിൽ നിന്നുണ്ടാകുന്ന ജീവികളാണെന്ന് വളരെ വ്യക്തമായിക്കഴിഞ്ഞ സാഹചര്യത്തിൽ, കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ മഹാനഗരങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. കൊല്ലം കോർപ്പറേഷനിൽ രണ്ട് മന്ത്രിമാരും രണ്ട് എം.എൽ.എ.-മാരും താമസിക്കുന്നുണ്ട്. 'കൊല്ലം കണ്ടവന് ഇല്ലം വേണ്ട' എന്നായിരുന്നു പണ്ട് പറഞ്ഞത്. 25 വർഷം മുമ്പ് ആരംഭിച്ചതാണ് കൊല്ലം ഡ്രെയിനേജ് സിസ്റ്റം. ഇതുവരെ അത് കമ്മീഷൻ ചെയ്തിട്ടില്ല. അതിന് വേണ്ട സ്ഥലമെടുപ്പ് പൂർത്തിയാക്കി മണ്ണിനടിയിൽക്കൂടി പൈപ്പ് ലൈൻ ഇട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. ഇതുവരെ അത് കമ്മീഷൻ ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: കൊല്ലം ഡ്രെയിനേജ് സ്കീം വളരെ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതാണ്. കോർപ്പറേഷൻ ആകുന്നതിനുമുമ്പ് ഇതിനകത്ത് മുനിസിപ്പാലിറ്റിയും ഇൻവോൾവ്ഡായിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 38 കിലോമീറ്റർ പൈപ്പ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി വളരെ നേരത്തെ സ്ഥാപിച്ചതാണ്. ഈ പദ്ധതി 11 മേഖലകളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പമ്പിംഗ് മെയിൻ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങളായ ശുദ്ധീകരണശാല, ഭൂജലസംഭരണി, പമ്പ് ഹൗസ്, പമ്പ് സ്ഥാപിക്കൽ എന്നിവ തീർക്കാനുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തയ്യാറായിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 32 കോടി രൂപ കൊല്ലം പദ്ധതിക്ക് ആവശ്യമാണ്. അതുകൊണ്ട് ഭാഗികമായി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി 2006-ൽ തീർക്കാനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കൽ

*2 [869] ശ്രീ. കെ. അച്ചുതൻ:
,, കെ. സി. വേണുഗോപാൽ:
,, ഇ. എം. അഗസ്തി:
,, ടി. എൻ. പ്രതാപൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ;

(സി) രൂപരേഖ തയ്യാറാക്കുന്ന ജോലി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയ്ക്ക് ആവശ്യമായ അനുമതി ലഭിക്കാൻ എത്ര സമയം എടുക്കും എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ പണി എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ,

(എ) പാത്രക്കടവ്, പാമ്പാർ, പൂയംകുട്ടി, ചെളിക്കല്ലാർ, അച്ചൻകോവിൽ, വക്കലാർ, ചിന്നാർ, ചെങ്കുളം ടെയിൽറേസ്, ഇറ്റിയാനി, കാരാപ്പുഴ, ചീമേനി, പീച്ചി എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 2003 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇതിലേക്ക് പരിസ്ഥിതി ആഘാത പഠനവും പബ്ലിക് ഹിയറിംഗും നടത്തേണ്ടതുണ്ട്. അതിനുശേഷം കേന്ദ്ര സർക്കാരിന്റെ വനം, പരിസ്ഥിതി വകുപ്പുകളുടെ അനുമതിയും ലഭിക്കേണ്ടതുള്ളതുകൊണ്ട് ഇവയ്ക്ക് എത്ര സമയം എടുക്കും എന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ഇ) കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൽനിന്നും അനുമതി ലഭിച്ചതിനുശേഷം ടെന്റർ ക്ഷണിച്ച് അതിൻമേൽ തീർപ്പായതിനുശേഷമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. അച്ചുതൻ: കുരിയാർകുറ്റി, കാരപ്പാറ ജലവൈദ്യുത പദ്ധതി പരിപൂർണ്ണമായി ഗവൺമെന്റ് നിർത്താൻ തീരുമാനിച്ചിട്ടുണ്ടോ? പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് മേയ് 15-ാം തീയതി തമിഴ്നാട് നമുക്ക് വെള്ളം തരേണ്ടതാണ്. ഇന്നുവരെയും ഒരു തുള്ളി വെള്ളം തന്നിട്ടില്ല. തമിഴ്നാട്ടിൽക്കൂടി 35 കിലോമീറ്റർ ദൂരം ഒഴുകി വന്നാണ് ചിറ്റൂർ, കൊല്ലങ്കോട്, പാലക്കാട്, മലമ്പുഴ, കുഴൽമന്ദം എന്നീ പ്രദേശങ്ങളിലെ കൃഷി ആവശ്യത്തിന് വെള്ളം ലഭിക്കേണ്ടത്. . ഇന്നുവരെ വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ ഇനി ഇപ്രാവശ്യം വെള്ളം കിട്ടുമെന്ന് വലിയ പ്രതീക്ഷയൊന്നും നമുക്കില്ല. കുരിയാർക്കുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതി സർക്കാരിന് തുടങ്ങാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ സ്വകാര്യപങ്കാളിത്തത്തോടുകൂടി ഈ പദ്ധതി തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: കുരിയാർകുറ്റി-കാരപ്പാറ പദ്ധതി 1996 നവംബറിൽ ആരംഭിക്കാൻ നോക്കിയിട്ടുള്ള ഒരു പദ്ധതിയാണ്. അതിന് കേന്ദ്രാനുമതി ഇതുവരെ ശരിയായ രീതിയിൽ കിട്ടിയിട്ടില്ല. ഇതിന് സമർപ്പിച്ച അപേക്ഷ 1995 നവംബറിൽ നിഷേധിക്കുകയുണ്ടായി. അപേക്ഷ വീണ്ടും സംസ്ഥാന ഗവൺമെന്റ് 1999 ജൂലായിൽ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉൾപ്പെടെ പുതിയതായി അപേക്ഷിച്ചത് 2000 മേയിൽ വീണ്ടും നിഷേധിച്ചു. 72 ഹെക്ടർ തേയില തോട്ടം എടുക്കും എന്നൊക്കെയുള്ളതാണ്. എന്നാലും വീണ്ടും പോകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനെ കണ്ട് നമ്മുടെ കേസുകൾ പ്രസന്റ് ചെയ്ത് പുതിയ വനഭൂമിയുടെ വിസ്തൃതി കുറച്ച് കാണിച്ച് പുതിയ റിപ്പോർട്ട് കൊടുത്താൽ പരിഗണിക്കാമെന്ന് പറയുന്നുണ്ട്. അതിനെ സംബന്ധിച്ചുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. അച്ചുതൻ: പുതിയ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾക്കും ടർബയിൻ നിർമ്മാണത്തിനും ചൈനീസ് കമ്പനികളുടെ സംയുക്ത പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: പുതുതായി രൂപരേഖ തയ്യാറാക്കുന്നതും ഞാൻ വായിച്ചതൊന്നും ചൈനീസ് പദ്ധതിയിൽപ്പെടുന്ന കാര്യങ്ങളല്ല. ചൈനീസ് പദ്ധതിയിൽപ്പെടുന്ന 18 പ്രോജക്ടുകൾ ഉണ്ടായിരുന്നു. അതിൽ 4 എണ്ണത്തിന്റെ പണി ആരംഭിച്ചതിൽ രണ്ടെണ്ണം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കി. അത് ചൈനയിൽനിന്നുതന്നെ ഒരു മിനിസ്റ്റർ ഉൾപ്പെടെ കേരളത്തിൽ വന്ന് ഉദ്ഘാടനം ചെയ്യണമെന്ന് താല്പര്യമുള്ളതുകൊണ്ട് അതിന്റെ തീയതി മാറ്റിവച്ചിരിക്കുകയാണ്. രൂപരേഖ തയ്യാറാക്കണമെന്ന് പറഞ്ഞത് ഇൻഡിപെൻഡന്റായിട്ട് ബോർഡ് നടത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: മന്ത്രി ഇവിടെ ചൈനീസ് പദ്ധതികളെക്കുറിച്ച് പറയുകയുണ്ടായി. ചൈനീസ് സാങ്കേതിക സഹായത്തോടെ നടത്തുന്ന 18 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയും അതിൽ 4 പൈലറ്റ് പദ്ധതികളുടെ പണി പൂർത്തീകരിച്ചിരിക്കുകയുമാണ്. എന്നാൽ ഇനിയുള്ള 14 പദ്ധതികളുടെ നടത്തിപ്പിൽ, അത് നടത്തിക്കാൻ പാടില്ലെന്നും ഈ വെള്ളം തമിഴ്നാടിന്റെ സ്വന്തമാണെന്നും ചാലിയാർ പുഴ ഉൽഭവിക്കുന്നത് തമിഴ്നാട്ടിൽ നിന്നാണെന്നും കാണിച്ച് തമിഴ്നാട് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിക്ക് പരാതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയും നടപ്പിലാക്കാനുള്ള 14 ജലവൈദ്യുത പദ്ധതികളുടെ സ്ഥിതിയെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ: ചൈനീസ് പ്രോജക്ടിൽ ഉൾപ്പെടുത്തിയ ഈ 18 ചെറുകിട ജലപദ്ധതികളിൽ 4 എണ്ണം തീർന്നുവെന്നു പറഞ്ഞു. അത് യാതൊരു വിധത്തിലും ക്ലെയിം ചെയ്യാൻ ഒക്കുന്നതല്ല. പാണ്ടിയാർ പുന്നപ്പുഴ നദി അവിടുന്ന് ഉൽഭവിച്ച് കേരളത്തിൽ വന്ന് ജോയിന്റ് ചെയ്ത് ഒഴുകുന്ന അതിന്റെ പോഷകനദികളിലാണ് ഈ 14 പ്രോജക്ടുകളുണ്ടാക്കുന്നത്. അവർക്ക് അപ്പർ റൈറ്റും ഇല്ല. ലോവർ റൈറ്റുമില്ല. കസ്റ്റമറി റൈറ്റുമില്ല. വെറുതെ ഒരു കടലാസ് കൊടുത്തിരിക്കുന്നു എന്നല്ലാതെ ഇതു സംബന്ധിച്ചുള്ള യാതൊരു അവകാശങ്ങളും നിയമദൃഷ്ടിയാലും ഇല്ല.

ശ്രീ. ടി. എൻ. പ്രതാപൻ: പടിഞ്ഞാറോട്ട് ഒഴുകുന്ന 43 നദികളിലെ ജലസമ്പത്ത് പൂർണ്ണമായി പ്രയോജനപ്പെടുത്തിയാൽ കേരളത്തിലെ വൈദ്യുതി പ്രതിസന്ധിയും വൈദ്യുതി വില സംബന്ധിച്ച സാമ്പത്തിക പ്രതിസന്ധിയും എന്നന്നേക്കുമായി അവസാനിപ്പിക്കാമെന്ന് ഉറപ്പാണ്. നമ്മുടെ ജലസമ്പത്തിന്റെ 40 ശതമാനംപോലും വൈദ്യുതി ഉൽപ്പാദനത്തിനായി ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇങ്ങനെ കഴിയാതെ വരുന്നതിന്റെ പ്രധാന കാരണം പരിസ്ഥിതി തടസ്സം തന്നെയാണ്. നമ്മുടെ മുഴുവൻ ജലസമ്പത്തും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ജലവൈദ്യുത പദ്ധതിക്ക് രൂപരേഖ തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: അതുതന്നെയാണ് ഗവൺമെന്റിന്റേയും ബോർഡിന്റേയും ഉദ്ദേശം. ഇപ്പോൾത്തന്നെ 8 പദ്ധതികൾ കേന്ദ്ര പരിഗണനയ്ക്കായി കിടക്കുന്നു. അത് അനുവദിച്ചാൽ 400-600 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. ഫോറസ്റ്റ് ആക്ട് നിലവിൽ വന്നതിനുശേഷം സെൻട്രൽ വനം വകുപ്പിന്റേയും പരിസ്ഥിതി വകുപ്പിന്റേയും ക്ലിയറൻസും പബ്ലിക് ഹിയറിംഗും വേണം. ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. കേരളത്തിലുള്ളവർത്തന്നെ പരിസ്ഥിതി വാദത്തിന്റെ പേരിൽ അനുവാദവും ഫോറസ്റ്റ് ക്ലിയറൻസും കൊടുക്കരുതെന്നു പറഞ്ഞ് തടസ്സപ്പെടുത്തുകയാണ്. പൂയാംകുട്ടി പദ്ധതിക്ക് കേന്ദ്രം ഒരിക്കൽ ക്ലിയറൻസ് തന്നതാണ്. പക്ഷേ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുതന്നെ അതിനെതിരായ ഒരു നിലപാട് എടുത്തതുകൊണ്ട് അത് തള്ളിപ്പോയി. അതുകൊണ്ടാണ് നമ്മൾ വീണ്ടും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പരിസ്ഥിതി സംബന്ധിച്ച് കേരളത്തോടുള്ള കേന്ദ്രത്തിന്റെ മനോഭാവം മാറിയിട്ടുണ്ടെന്നാണ് എന്റെ വിചാരം. അതുകൊണ്ട് ഇനി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്നതിന് കൂടുതൽ സഹായകമായ ഒരു സാഹചര്യമുണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിലിരിക്കുന്ന എല്ലാ സ്കീമുകളും അതായത് മാങ്കുളം, പള്ളിവാസൽ, ചേരി ഡൈവർഷൻ, അതിരപ്പിള്ളി, കുറ്റിയാടി, പൂയാംകുട്ടി, കുരിയാർകുറ്റി ഇതൊക്കെ അനുവദിച്ചാൽതന്നെ ഇവിടെയുള്ള പ്രശ്നങ്ങൾ പരിപൂർണ്ണമായും തീരുന്നതാണ്. സെൻട്രൽ ഗവൺമെന്റ് പവറിന് പത്താം പദ്ധതിയിൽ പ്രയോറിറ്റി കൊടുത്തിട്ടുണ്ട്. ആ സാഹചര്യത്തിൽ സ്റ്റേറ്റിലുള്ള റിസോഴ്സ് ഉപയോഗിക്കുന്നതിന് നിസ്സാരമായ തർക്കങ്ങൾ പറയാതെ അനുവദിക്കുകയെന്നുള്ളതാണ് പബ്ലിക് പോളിസിയുടെ പേരിൽ കേന്ദ്ര ഗവൺമെന്റും ചെയ്യേണ്ടത്, ജനങ്ങൾ അതിൽ സഹകരിക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: പുതിയ ഇലക്ട്രിസിറ്റി ആക്ട് വന്ന സാഹചര്യത്തിലാണ് ഞാൻ ഈ ചോദ്യം ഉന്നയിക്കുന്നത്, പുതിയ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന്റേയും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ പരിഗണനയിലിരിക്കുന്ന 500-ഓളം മെഗാവാട്ടിന്റെ പദ്ധതികളുടേയും അടിസ്ഥാനത്തിലാണ് ഞാൻ ചോദിക്കുന്നത്. അതിരപ്പിള്ളി പദ്ധതിയുടെ ക്ലിയറൻസ് കിട്ടിയ സാഹചര്യത്തിൽ ഹൈക്കോടതിയിലുള്ള കേസ്കൂടി വേഗം ഡിസ്പോസ് ചെയ്ത് ഒരു മുൻഗണന കൊടുത്ത് പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോഴത്തെ അതിന്റെ സ്റ്റേജ് ഒന്ന് വിശദമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അതിരപ്പിള്ളി പദ്ധതി ആരംഭിക്കുന്നതിന് വളരെ മുൻഗണന കൊടുത്ത് ബോർഡ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ അതിന് വർക്ക് ഓർഡർ കൊടുത്തതാണ്. അപ്പോൾ കോൺട്രാക്ടർ കേസ് കൊടുത്തു. ആ കേസിൽ ബോർഡ് ജയിച്ചെങ്കിലും പരിസ്ഥിതിയുടേയും മൽസ്യത്തിന്റെ പ്രജനനത്തിന് തടസ്സമുണ്ടാകുമെന്ന പേരിലുണ്ടായ ഒരു കേസിൽ അവസാനം അത് സ്റ്റേ ചെയ്തു. അത് വീണ്ടും പഠിച്ചൊക്കെ വന്നപ്പോഴേക്കും കേന്ദ്രത്തിൽ നയം മാറി. പബ്ലിക് ഹിയറിംഗ് വന്നപ്പോൾ ഇതൊന്നും പോരെന്നായി. പബ്ലിക് ഹിയറിംഗ് നടത്തി അതിന്റെ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ എങ്ങനെയും അതിന്റെ ക്ലിയറൻസ് കിട്ടുമെന്നുള്ള ശുഭ പ്രതീക്ഷയിലാണ് ബോർഡ്. അതുപോലെതന്നെ പള്ളിവാസലിന്റെ കാര്യവും. ക്ലിയറൻസ് കിട്ടിയാൽ പ്രത്യേക പ്രയോറിറ്റി കൊടുത്ത് എത്രയും വേഗം ചെയ്തു തീർക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: വൈദ്യുതി അതോറിറ്റി വന്നതോടുകൂടി ഇലക്ട്രിസിറ്റി വകുപ്പിന്റെ അധികാരങ്ങൾ അവരുടെ കൈയിലേക്ക് എത്തിച്ചേർന്നിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേക കമ്പനികളായിട്ടോ മറ്റോ നമ്മുടെ സ്വന്തം സ്ഥാപനങ്ങളെയെല്ലാം സംരക്ഷിക്കേണ്ടിവരുന്നുയെന്ന് മുമ്പ് ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി.. അവർ ഇതെല്ലാം കൈവശപ്പെടുത്തിയതിനുശേഷവും പദ്ധതികൾക്ക് തടസ്സം സൃഷ്ടിക്കാനുള്ള ശ്രമം തുടരുകയാണോ; ഇതിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഞാൻ അതിന് ഉത്തരം പറഞ്ഞുകഴിഞ്ഞു. നമ്മുടെ പെൻഡിംഗായിട്ടുള്ള പ്രോജക്ട് തന്നെ പത്തഞ്ഞൂറ് മെഗാവാട്ടിനുവേണ്ടിയുള്ളതാണ്. നമ്മൾ അവിടെ പ്രത്യേകമായിട്ട് ഒരു ആഫീസറെ നിയോഗിച്ച് ദൈനംദിനം ഇത് മോണിട്ടർ ചെയ്തു നടത്തുന്നുണ്ട്. കേന്ദ്ര-സംസ്ഥാന മന്ത്രിമാരുടെ യോഗത്തിലും ഞാൻ ഇക്കാര്യം പറഞ്ഞതാണ്. പവറിന് ടോപ്പ് പ്രയോറിറ്റിയെന്നു പറയുകയും കേരളം പോലുള്ള സംസ്ഥാനത്തിന് ഹൈഡ്രൽ പവറിനുള്ള എല്ലാ സാധ്യതകളും ഉണ്ടാകുമെന്നു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആരോ ഒരാൾ കമ്പിയടിച്ചു എഴുത്തെഴുതി എന്നു പറഞ്ഞ് അത് റിജക്ടു ചെയ്യുന്ന ഒരു പബ്ലിക് പോളിസി അനുകൂലമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കേന്ദ്രം നമ്മുടെ പദ്ധതികൾ യഥാസമയം അനുവദിക്കുന്നതിനുവേണ്ടി ഇവിടെ ഒരു ശക്തമായ പബ്ലിക് ഒപ്പീനിയൻ പോസിറ്റീവായി ഉണ്ടാക്കുന്നത് എപ്പോഴും നല്ലതായിരിക്കുമെന്നാണ് ഗവൺമെന്റും ബോർഡും കരുതുന്നത്, ഇത് എത്രയും വേഗം അനുവദിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും സ്വാധീനവും ചെയ്തുകൊണ്ടിരിക്കുകയാണ്

ശ്രീ. കെ. എ. ചന്ദ്രൻ: കുരിയാർകുട്ടി-കാരപ്പാറ ജലവൈദ്യുത പദ്ധതി വർഷങ്ങൾക്കു മുമ്പ് ഇൻവെസ്റ്റിഗേഷൻ നടത്തി ആരംഭിച്ചതാണ്. ഇത് രണ്ട് തവണ കേന്ദ്ര സർക്കാർ റിജക്ട് ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇനിയൊരു റിജക്ഷന് ഇടവരുത്താതെ കുറ്റമറ്റനിലയിൽ ബന്ധപ്പെട്ട ആളുകൾ സമയബന്ധിതമായി റിപ്പോർട്ട് കൊടുത്ത് അനുമതി മേടിക്കാൻതക്കവണ്ണമുള്ള ഒരു സംവിധാനം വരുമോ; അതിനുള്ള നടപടി എന്ന് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നത് ഹൈഡ്രൽ പ്രോജക്ടും അതേസമയം ഒരു ഇറിഗേഷൻ പദ്ധതിയുംകൂടി ചേർന്ന ഒരു പദ്ധതിയാണ്, അതാണ് ഇതിന്റെ ഒരു ബുദ്ധിമുട്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ഇതിനാവശ്യമായ പണം മുടക്കാൻ ഉണ്ടോ എന്നത് ഒരു വശമാണ്. രണ്ടാമത്തെ വശം ഇതിന്റെ മിഡിലിൽ കുറെയധികം ഫോറസ്റ്റുണ്ട്. ആ ഫോറസ്റ്റ് ഒഴിവാക്കണമെന്നാണ് അവർ പറയുന്നത്. അത് ഒഴിവാക്കിയിട്ട് രണ്ട് പദ്ധതികളും ഒരുമിച്ച് കൊണ്ടുപോവുക പ്രയാസമാണ്. എന്നാൽ മുഖ്യമന്ത്രിയും ഞാനുമൊക്കെ ഡൽഹിയിൽപ്പോയി വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ ഇത് ഒഴിവാക്കിത്തരാമെന്ന് അവർ പറഞ്ഞു. അത് എങ്ങനെ ഒഴിവാക്കാമെന്നുള്ളതിന്റെ പഠനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം: നമ്മൾ ഇവിടെ ചൈനീസ് മാതൃകയിലുള്ള മിനി ഹൈഡ്രൽ പദ്ധതികളെപ്പറ്റി പറഞ്ഞു. അത് വളരെ നല്ലതാണ്, ബോർഡ് പരിഗണിച്ചതാണ്, ഇപ്പോൾ നടത്തുന്ന പരിഷ്ക്കാരങ്ങളുടെ പശ്ചാത്തലത്തിൽ അവയെ എങ്ങനെ ബാധിക്കുമെന്ന് പറയാമോ?

ശ്രീ. കടവൂർ ശിവദാസൻ: പുതിയ ആക്ടിന്റെ ഇംപാക്ടിനെക്കുറിച്ചാണ് ഉദ്ദേശിക്കുന്നതെങ്കിൽ ചൈനീസ് മാതൃകയിലുള്ളതും അല്ലാത്തതുമായ എല്ലാ പ്രോജക്ടുകളെ സംബന്ധിച്ചും ആക്ടിന്റെ ആമുഖത്തിൽ ഇതിന്റെ അവകാശം സ്റ്റേറ്റിനുള്ളതാണ് എന്ന് ഒരു വാചകം പറയുന്നുണ്ട്. പക്ഷേ സെക്ഷനുകളിൽ അങ്ങനെയല്ല കാണുന്നത്. അതിന്റെ കൺസേണ്ട് സെക്ഷനുകളിൽ കാണുന്നത് സെൻട്രൽ ഗവൺമെന്റിന്റെ ഇലക്ട്രിസിറ്റി അതോറിറ്റിക്കാണ് ഈ പ്രോജക്ടുകളെ സംബന്ധിച്ച് അവകാശം എന്നാണ്. അവസാനമായി ജനറേഷനുവേണ്ടിയുള്ള അവകാശം ആർക്കുവേണമെങ്കിലും ഉണ്ടല്ലോ? അവർ ചോദിച്ചാൽ കൊടുക്കുമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. 'In consultation with the State Government' എന്നാണ് അതിൽ പറഞ്ഞിരിക്കുന്ന വാചകം, എന്നാൽ ആ റിവറിന്റെ സാധ്യത, അതിന്റെ ഇംപാക്ട് ഒക്കെ പഠിക്കണമെന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ അങ്ങനെ ആക്ടിൽ പറഞ്ഞിരുന്നാലും ഫോറസ്റ്റ് നിയമവും ജലത്തെ സംബന്ധിച്ച അവകാശവും കോൺസ്റ്റിറ്റ്യൂഷണലായും നിയമപരമായും സ്റ്റേറ്റിനുള്ളതുകൊണ്ട് സ്റ്റേറ്റിന്റെ അനുവാദം കൂടാതെ അതോറിട്ടി കൊടുത്താലും നടപ്പിലാവുകയില്ലെന്നാണ് എന്റെ ഒരു ഇമ്പ്രഷൻ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly